REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-10-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.**
- **ഇടനിലക്കാരെ പൂർണമായും ഒഴിവാക്കി, ബ്രാൻഡഡ് ജനറിക് മരുന്നുകൾ വാങ്ങാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചതായി മന്ത്രി K മുരളീധരൻ.**
- **വിദേശ നിക്ഷേപം ആകർഷിക്കാൻ ദുബൈ, ലണ്ടൻ, സിംഗപ്പൂർ, ടോക്യോ എന്നിവിടങ്ങളിൽ കേരള ഡെസ്ക്കുകൾ സ്ഥാപിക്കുമെന്ന് മന്ത്രി PK കുഞ്ഞാലിക്കുട്ടി.**
- **രാജ്യത്തെ ജനാധിപത്യം സംരക്ഷിക്കാനാണ് ഡൽഹിയിലെ പോരാട്ടമെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ, PV സിന്ധു ഇന്ന് മത്സരിക്കും.**

## വാർത്തകൾ വിശദമായി

അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ നിന്ന് പ്രതിപക്ഷം ഇന്നും ഇറങ്ങിപ്പോയി. മരുന്ന് ക്ഷാമം, ചികിത്സാ പിഴവ്, ആശുപത്രികളിലെ സൗകര്യക്കുറവ് ഉൾപ്പെടെ ആരോഗ്യ മേഖലയിലെ പ്രതിസന്ധി, സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് CPIM-ലെ കെ വി സുമേഷ് ആണ് നോട്ടീസ് നൽകിയത്.

പതിനായിരക്കണക്കിന് രോഗികൾക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി നൽകി വന്നിരുന്ന ജീവിത ശൈലി രോഗ മരുന്നുകൾ മുടങ്ങിയതായി കെ വി സുമേഷ് കുറ്റപ്പെടുത്തി. ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ പോലുമില്ലാതെ രോഗികൾ ബുദ്ധിമുട്ടുന്നതായും അദ്ദേഹം പറഞ്ഞു.

ആരോഗ്യരംഗത്ത്, ആത്മാർത്ഥമായ സമീപനം ഗവണ്മന്റിന്റെ ഭാഗത്തു നിന്ന് വേണമെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ പറഞ്ഞു. സാധാരണക്കാരുടെ ആശ്രയമാണ് ഗവൺമെന്റ് ആശുപത്രികൾ എന്നും, അവിടെ ആവശ്യത്തിന് ഡോക്ടർമാരില്ലെന്നും അദ്ദേഹം ആരോപിച്ചു.

✪✪✪

സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ കാര്യമായ ഒരു പ്രശ്നവും നിലവിൽ ഇല്ലെന്ന് മന്ത്രി K മുരളീധരൻ നിയമസഭയിൽ പറഞ്ഞു. യുദ്ധസാഹചര്യമുണ്ടായപ്പോൾ 26 ഇനം മരുന്നുകൾക്ക് ക്ഷാമമുണ്ടായെന്നും എന്നാലത് അടിയന്തരമായി പരിഹരിക്കാൻ ഗവൺമെന്റിന് സാധിച്ചെന്നും കെ മുരളീധരൻ വ്യക്തമാക്കി. സംസ്ഥാനത്ത് നിലവിൽ മരുന്ന് ക്ഷാമം ഇല്ലെന്നും ഇടനിലക്കാരെ പൂർണമായും ഒഴിവാക്കി ബ്രാൻഡഡ് ജനറിക് മരുന്നുകൾ വാങ്ങാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചതായും അദ്ദേഹം അറിയിച്ചു. പവർ കട്ട് കാരണം സംസ്ഥാനത്ത് ശസ്ത്രക്രിയ മുടങ്ങിയിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നും കെ മുരളീധരൻ പറഞ്ഞു.

മന്ത്രിയുടെ മറുപടിയെത്തുടർന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്.

✪✪✪

കേരളത്തിലെ നിർമാണ മേഖലയിൽ, അസംസ്കൃത വസ്തുക്കളുടെ ക്ഷാമം പരിഹരിക്കാൻ തമിഴ്നാട് അടക്കം അയൽസംസ്ഥാനങ്ങളുമായി ചർച്ച നടത്തതായി മുഖ്യമന്ത്രി വി ഡി സതീശൻ നിയമസഭയിൽ അറിയിച്ചു. ഇത് താല്ക്കാലികമായ പരിഹാരം മാത്രമാണെന്നും ശാശ്വത പരിഹാരത്തിന് ബദൽ മാർഗങ്ങൾ അന്വേഷിക്കുമെന്നും അദ്ദേഹം ചോദ്യോത്തരവേളയിൽ പറഞ്ഞു.

ക്വാറി ഉൽപ്പന്നങ്ങൾ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരുന്നതിന് തമിഴ് നാട് മുഖ്യമന്ത്രി ജോസഫ് വിജയുമായി ചർച്ച നടത്തിയിരുന്നുവെന്ന് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടിയും സഭയിൽ പറഞ്ഞു.

✪✪✪

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ, ഇന്ന് മുതിർന്ന പൗരൻമാരുടെ പരിചരണവും അവകാശ സംരക്ഷണവും ബിൽ അവതരിപ്പിക്കും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപവും സഭ പരിഗണിക്കും.

✪✪✪

കയർ മേഖലയിലേക്ക് പുതിയ വനിതാ സംരംഭകരെ ആകർഷിക്കാൻ, കയർവകുപ്പ് പദ്ധതി ആവിഷ്കരിച്ചു.

കയർ ഉൽപ്പന്നങ്ങളുടെ ഉൽപാദന-വിതരണ മേഖലകളിൽ ഉണർവേകുന്ന പുതിയ പദ്ധതികൾ സമർപ്പിക്കാൻ മന്ത്രി രമേശ് ചെന്നിത്തല, കയർ വികസന ഡയറക്ടർക്ക് നിർദേശം നൽകി.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്

..........വോയ്സ്..........

സംസ്ഥാനത്തെ പരമ്പരാഗത കയർ മേഖലയെ സംരക്ഷിക്കുകയും, തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലും വരുമാനവും ഉറപ്പാക്കുകയുമാണ് പുതിയ പദ്ധതിയുടെ ലക്ഷ്യം. കൂടുതൽ വനിതാ സംരഭകർക്ക് കയർ മേഖലയിൽ തൊഴിൽ കണ്ടെത്തലും വിപണനം ശക്തമാക്കലും പുതിയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

ചകിരി ഉത്പാദനത്തിലെ നിലവിലെ പ്രതിസന്ധി മറികടക്കാൻ പത്ത് പുതിയ കയർ കൺസോഷ്യം തുടങ്ങുന്നതിന് മന്ത്രി രമേശ് ചെന്നിത്തല നിർദേശം നൽകി. ചകിരിയുടെ ലഭ്യതക്കുറവ് പരിഹരിച്ച് കയർമേഖലയിലെ പ്രതിസന്ധി മറികടക്കുകയാണ് പദ്ധതിയുടെ മറ്റൊരു ലക്ഷ്യം. ഇതിനായി ആക്ഷൻ പ്ലാൻ സമർപ്പിക്കാനും മന്ത്രി നിർദേശം നൽകി. കയർ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ആരംഭിച്ച "കയറിന് ഒരു കൈത്താങ്" പദ്ധതിയുടെ പുരോഗതിയും മന്ത്രി വിലയിരുത്തി. വിപണി ആകർഷിക്കുന്നതിന് ജില്ലകൾ തോറും സ്റ്റാളുകൾ തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കയർഫെഡിനും കയർ കോർപറേഷനും മന്ത്രി രമേശ് ചെന്നിത്തല നിർദേശം നൽകി.

✪✪✪

പ്രവാസി സംഘടനകളുടെ സഹകരണത്തോടെ വിദേശ നിക്ഷേപം ആകർഷിക്കാൻ ദുബൈ, ലണ്ടൻ, സിംഗപ്പൂർ, ടോക്യോ എന്നിവിടങ്ങളിൽ കേരള ഡെസ്ക്കുകൾ സ്ഥാപിക്കുമെന്ന് മന്ത്രി PK കുഞ്ഞാലിക്കുട്ടി നിയമസഭയിൽ പറഞ്ഞു. നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, സാങ്കേതിക വിദ്യകളുടെ

കൈമാറ്റത്തിനും ഇൻവെസ്റ്റ് കേരളം സെൽ മികച്ച സംഭാവന നൽകുമെന്ന് അദ്ദേഹം ചോദ്യോത്തരവേളയിൽ പറഞ്ഞു.

ഭൂമിയുടെ ലഭ്യതകുറവ്, ഉയർന്ന വില, നടപടിക്രമങ്ങളിലെ കാലതാമസം, എന്നിവ നിക്ഷേപകരെ ആകർഷിക്കുന്നതിന് തടസ്സമാണെന്ന് മന്ത്രി വ്യക്തമാക്കി. ഇത് ഒഴിവാക്കി നിക്ഷേപകർക്ക് സൗകര്യങ്ങളും പിന്തുണയും ഉറപ്പാക്കുന്നതിനാണ് ഡാറ്റ അധിഷ്ടിത ഇൻവെസ്റ്റ് കേരളം എന്ന പേരിൽ പ്രത്യേക സെൽ രൂപീകരിച്ചതെന്നും പികെ കുഞ്ഞാലിക്കുട്ടി പറഞ്ഞു.

✪✪✪

ഇന്ത്യയുടെയും ഇറാന്റെയും സുരക്ഷാ ഉദ്യോഗസ്ഥർ തമ്മിൽ പ്രാദേശിക - അന്തർദേശീയ സംഭവ വികാസങ്ങൾ ചർച്ച ചെയ്തു. ഇറാന്റെ പരമോന്നത ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടറി മൊഹ്സിൻ റസായി, ഇന്നലെ വൈകിട്ട്, ഇന്ത്യയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി ടെലഫാൺ സംഭാഷണം നടത്തിയതായി ന്യൂഡൽഹിയിലെ ഇറാൻ എംബസി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്, UK പരിസ്ഥിതി, ഭക്ഷ്യ, ഗ്രാമവികസന സെക്രട്ടറി ഡേം ഏഞ്ചല ഈഗിളുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി. മൃഗാരോഗ്യം, സുസ്ഥിര കന്നുകാലി ഉൽപ്പാദനം, വ്യാപാരം എന്നീ മേഖലകളിൽ ഇന്ത്യയും യുകെയും തമ്മിലെ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

✪✪✪

രാജ്യത്തെ ജനാധിപത്യം സംരക്ഷിക്കാനാണ് ഡൽഹിയിലെ പോരാട്ടമെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ഡൽഹിയിലെ സമരത്തിൽ കേരളത്തിലെ എല്ലാ മന്ത്രിമാരും പങ്കെടുക്കുമെന്നും അസം മുഖ്യമന്ത്രി ആദ്യം രാജിവെച്ച് മാതൃക കാണിക്കട്ടെയെന്നും അതിനുശേഷമാകാം കേരളത്തിലെ കാര്യമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. കേരളത്തിൽ വീണ്ടും തെരഞ്ഞെടുപ്പ് നടത്തിയാൽ BJPയ്ക്ക് ഇപ്പോൾ ലഭിച്ച മൂന്നു സീറ്റുകൾ കൂടി ഇല്ലാതാകുമെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

നെടുമ്പാശ്ശേരിയിൽ കാറിടിച്ച് മൂന്ന് പേർ മരിക്കാനിടയായ സംഭവത്തിലെ പ്രതിയെ രക്ഷിക്കാൻ ശ്രമിക്കില്ലെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ഇക്കാര്യത്തിൽ മരിച്ചവരുടെ കുടുംബത്തിന്റെ ആശങ്ക മനസ്സിലാക്കുന്നുവെന്നും ശക്തമായ നിയമനടപടികളുമായി മുന്നോട്ട്

പോകുമെന്നും പ്രതിക്ക് ഉചിതമായ ശിക്ഷ ഉറപ്പുവരുത്തുമെന്നും രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് മത്സരത്തിൽ, രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവായ പി.വി. സിന്ധു, ദക്ഷിണ കൊറിയയുടെ ഒളിമ്പിക് ചാമ്പ്യനും ലോക ഒന്നാം നമ്പർ താരവുമായ ആൻ സെ-യങ്ങിനെ ഇന്ന് നേരിടും. പുരുഷ ഡബിൾസിൽ സാത്വിക്സായിരാജ് - റാങ്കിറെഡ്ഡി സഖ്യം മത്സരിക്കും.

✪✪✪

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി പാലക്കാട് കൽപ്പാത്തിയിലെ അഗ്രഹാരങ്ങൾ ബൊമ്മക്കൊലു ചന്തത്തിന്റെ നിറവിലാണ്. തമിഴ് ബ്രാഹ്മണ പാരമ്പര്യത്തിന്റെ ഭാഗമായ ബൊമ്മക്കൊലു ഒരുക്കിയാണ് അഗ്രഹാര വീടുകളിൽ ആഘോഷങ്ങൾ പുരോഗമിക്കുന്നത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്

.......വോയ്സ്.........

ഒരോ വീട്ടിലും ഏഴും ഒൻപതും പടവുകളിലായാണ് ബൊമ്മക്കൊലു ഒരുക്കിയിരിക്കുന്നത്. ദേവീദേവന്മാരുടെയും ദശാവതാരങ്ങളുടെയും പുരാണകഥാപാത്രങ്ങളുടെയും നിത്യജീവിതത്തിന്റെയും രൂപങ്ങൾ പ്രതിഫലിപ്പിക്കുന്ന നൂറുകണക്കിന് ചെറു ബൊമ്മകളാണ് ഓരോ ക്കൊലുവിലും ഉണ്ടാവുക.. തലമുറകളായി കൈമാറിവരുന്ന മരപ്പാച്ചി ബൊമ്മകളാണ് കൊലുവിലെ പ്രധാന ആകർഷണം. നവരാത്രി നാളുകളിൽ വീടുകൾ സന്ദർശിച്ച് കൊലു കാണുന്നതും താംബൂലവും ചുണ്ടൽ പ്രസാദവും വിതരണം ചെയ്യുന്നതും ഇവിടുത്തെ പ്രധാന ആചാരങ്ങളാണ്. പഴമയുടെ തനിമ നിലനിർത്തി പുതുതലമുറയും ഇതിൽ പങ്കുചേരുമ്പോൾ നവരാത്രി ആഘോഷം ഇവിടെ അതിന്റെ പൂർണ്ണതയിൽ എത്തുന്നു.

✪✪✪

അലിഗഡ് യൂണിവേഴ്സിറ്റി സ്ഥാപകൻ സർ സയ്യിദ് അഹമ്മദ് ഖാന്റെ സ്മരണാർത്ഥം നൽകിവരുന്ന, സർ സയ്യിദ് അവാർഡിന് ഉസ്മാൻ ഒഞ്ചിയത്തെ തിരഞ്ഞെടുത്തു. 25,000 രൂപയും ശിൽപവും പ്രശസ്തി പത്രവും മറ്റന്നാൾ വൈകിട്ട് കോഴിക്കോട്ട്, എം.പി. അബ്ദുസ്സമദ് സമദാനി എം.പി സമ്മാനിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

✪✪✪

ശബരിമല ദർശനത്തിനിടെ കളവുപോയ ഫോണുകൾ വീണ്ടെടുത്ത് നൽകി പമ്പ പൊലീസ്. മണ്ഡല- മകരവിളക്ക് കാലം മുതൽ ഇതുവരെ 230 ഫോണുകളാണ് കണ്ടെടുത്ത് ഉടമകൾക്ക് തിരികെ നൽകിയത്.

✪✪✪

സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സന്നദ്ധപ്രവർത്തകരെ സജ്ജരാക്കുന്ന കേരള പൊലീസിന്റെ 'സൈബർ സേഫ് കേരളം' പദ്ധതിയുടെ ഇടുക്കി ജില്ലാതല പരിശീലനം, പൈനാവ് ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ സംഘടിപ്പിച്ചു. വർധിച്ചുവരുന്ന ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കും, സൈബർ അതിക്രമങ്ങൾക്കുമെതിരെ പ്രതിരോധം തീർക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി. ജില്ലാ പൊലീസ് മേധാവി ഡോ. A. നസീം ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളെജിൽ ശസ്ത്രക്രിയക്ക് ശേഷം സ്ത്രീ മരിക്കാനിടയായ സംഭവത്തിൽ, മെഡിക്കൽ കോളെജ് പോലീസ് കേസെടുത്തു. ചികിൽസാ പിഴവ് ആരോപിച്ച് ബന്ധുക്കൾ നൽകിയ പരാതിയിലാണ് കേസ്. വടകര സ്വദേശിനിയാണ് മരിച്ചത്.

✪✪✪

ഓപ്പറേഷൻ തൂഫാൻ നാർക്കോ ഹണ്ടിന്റെ ഭാഗമായി കൊച്ചി സിറ്റി പോലീസ്, 100 ഗ്രാം MDMA യുമായി രണ്ട് പേരെ അറസ്റ്റ് ചെയ്തു. കോട്ടയം തൃക്കൊടിത്താനം സ്വദേശികളായ ഷോൺ ജോസഫ്, എബിൻ ബാബു എന്നിവരെയാണ് എളമക്കര പോലീസ് അറസ്റ്റ് ചെയ്തത്.

✪✪✪

തെയ്യം കലാകാരന്മാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് പരിച എന്ന സംഘടനയുടെ നേതൃത്വത്തിൽ മറ്റന്നാൾ കണ്ണൂർ ജില്ലാ കളക്ടറേറ്റിന് മുന്നിൽ ധർണ നടത്തും. ചെയർമാൻ ബദരി നാരായണനാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

കോഴിക്കോട് ജില്ലയിലെ മൂട്ടോളി കുരുവട്ടൂർ റോഡിൽ പടിഞ്ഞാറ്റുംമുറിക്ക് സമീപം, കലുങ്ക് നിർമ്മിക്കുന്നതിനാൽ ഇന്ന് മുതൽ പ്രവൃത്തി തീരുന്നതുവരെ ഗതാഗതം പൂർണ്ണമായും നിരോധിക്കും. വാഹനങ്ങൾ തടമ്പാട്ട് താഴം - പറമ്പിൽ കടവ് - പറമ്പിൽ ബസാർ വഴി - ചാലിൽ താഴത്തേക്കും, തിരിച്ചും സർവ്വീസ് നടത്തണമെന്ന് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

✪✪✪

രാജ്യത്ത് അപ്രന്റീസ് ട്രെയിനികളുടെ എണ്ണം ഗണ്യമായി വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രൈം മിനിസ്റ്റേഴ്സ് നാഷണൽ അപ്രന്റിസ്ഷിപ്പ് മേള, നാളെ ഇടുക്കിയിൽ സംഘടിപ്പിക്കും. കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെയും, വ്യാവസായിക പരിശീലന വകുപ്പിന്റെയും ആഭിമുഖ്യത്തിലാണ് മേള.

രാവിലെ ഒൻപതിന് കട്ടപ്പന ഗവൺമെന്റ് ITI യിലാണ് മേള. ITI ട്രേഡ് ടെസ്റ്റ് പാസായ ട്രെയിനികൾക്ക് പങ്കെടുക്കാം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: എ വി ഫർദിസ്*
*DEO : സി കെ സുബോധ്*